File No.DDETSR/22/2021-B5

5458

"ഭരണഭാഷ - മാതൃഭാഷ"

NO.DDETSR/22/2021 B5(1)

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
തൃശ്ശൂർ, തീയതി : 24/09/2021

പ്രേഷകൻ

വിദ്യാഭ്യാസ ഡയറക്ടർ,
തൃശ്ശൂർ

സ്വീകർത്താവ്

എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം- സഹായിതം- പൂളിങ് അടിസ്ഥാനത്തിൽ നിയമിതരായ സ്പെഷലിസ്റ്റ് അദ്ധ്യാപകരുടെ പ്രൊബേഷൻ ,കെ-ടെറ്റ് യോഗ്യത, പി.എഫ് എന്നിവ സംബന്ധിച്ച്

സൂചന :- 1. 14/09/2021 ലെ സർക്കാർ ഉത്തരവ് നം.ജെ3/89/2021-പൊ.വി.വ

2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരിൽ നിന്നും ഇ-മെയിൽ മുഖേന ലഭ്യമായ വിവരങ്ങൾ

******************

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു .പൂളിങ് വ്യവസ്ഥയിൽ നിയമിതരായ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രൊബേഷൻ ,കെ-ടെറ്റ് യോഗ്യത, പി.എഫ് എന്നിവ സംബന്ധിച്ച് സൂചന(2)പ്രകാരം താങ്കളുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ ജില്ലയിലുള്ള 14 അദ്ധ്യാപകരിൽ ഒരു അദ്ധ്യാപകൻ ഒഴികെ മറ്റുള്ള അദ്ധ്യാപകരെല്ലാം മാതൃവിദ്യാലയവുമായി പൂൾ ചെയ്യപ്പെട്ടിട്ടുള്ളതാണെന്നും, പ്രസ്തുത അദ്ധ്യാപകന്റെ മാതൃവിദ്യാലയം നിർത്തലാക്കിയിട്ടുള്ളതാണെന്നും കാണുന്നു.

സൂചന(1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി അധ്യാപകരുടെ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതായുണ്ട് . ആയതിനാൽ മാതൃവിദ്യാലയവുമായി പൂൾ ചെയ്യപ്പെട്ട അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തീകരണനടപടികൾ സ്വീകരിക്കുന്നതിന് മാതൃവിദ്യാലയം സ്ഥിതി ചെയ്യുന്ന ജില്ലാ/ഉപജില്ലാ വിദ്യാ. ആഫീസറും, മാതൃവിദ്യാലയം നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ നിലവിൽ ടി അദ്ധ്യാപകർ ജോലി ചെയ്യുന്ന സ്കൂളിന്റെ ജില്ലാ/ഉപജില്ലാ വിദ്യാ. ആഫീസറും തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നറിയിക്കുന്നു.

31/03/2012 സേവനത്തിൽ പ്രവേശിച്ചതിനാൽ ഇവരെ K - Tet യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഈ ജില്ലയിലെ അദ്ധ്യാപകരിൽ 12 പേർക്ക് KASEPF അംഗത്വവും 01 അദ്ധ്യാപകന് GPF അംഗത്വവും ഇനിയും ഒരു അദ്ധ്യാപകൻ PF അംഗത്വം എടുത്തിട്ടില്ലെന്നും കാണുന്നു. PF അംഗത്വം എടുക്കാത്ത അദ്ധ്യാപകൻ മാതൃവിദ്യാലയവുമായി പൂൾ ചെയ്യപ്പെട്ട അദ്ധ്യാപകനാകയാൽ KASEPF

അംഗത്വം എടുക്കുന്നതിന് സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടാകുകയില്ലെന്ന് കാണുന്നു.ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നറിയിക്കുന്നു . അപ്രകാരം ഫയൽ തീർപ്പാക്കുന്നു.

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by Madanamohan T V
Date: 2021.09.24 10:34:43 IST
Reason: Approved

വിദ്യാഭ്യാസ ഉപഡയറക്ടർക്കു വേണ്ടി